## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 1453 — 22.03.2013 -ൽ മറുപടിയ്ക്ക്

### അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് സാധൂകരണം നൽകുന്ന നടപടി

**ചോദ്യം**

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :**
**ശ്രീ. റ്റി. വി. രാജേഷ് :**
**ശ്രീ. എം. ഹംസ :**
**ശ്രീ. എ. എം. ആരിഫ്**

**ഉത്തരം**

**ശ്രീ. മഞ്ഞളാംകുഴി അലി**
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും**
**വകുപ്പു മന്ത്രി**

(എ) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് സാധൂകരണം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ ;

(സി) അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കുന്നതിന് ഒരേ മാനദണ്ഡം അനുസരിച്ചുള്ള സമീപനമാണോ സ്വീകരിക്കുന്നത് എന്നറിയിക്കുമോ :

(ഡി) ഏതു തീയതി മുതലുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങളാണ് സാധൂകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ ; പ്രസ്തുത തീയതി തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്തായിരുന്നെന്നറിയിക്കുമോ ?

(എ) (ബി) (സി) & (ഡി)

ഉണ്ട്.
21-08-2010-ലെ ജി. ഒ. (എം.എസ്) 185/2010/തസ്വഭവ നമ്പർ പ്രകാരം കേരള കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്ത് അനധികൃതമായി നിർമ്മിച്ച വളരെ കുറച്ച് കെട്ടിടങ്ങളേ ടി ചട്ടങ്ങൾ പ്രകാരം ക്രമവത്കരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മേൽപ്പറഞ്ഞ ഉത്തരവിലെ വ്യവസ്ഥകൾ ഏറെ കർക്കശമായിരുന്നതു മൂലം ക്രമവത്കരണത്തിനുള്ള അപേക്ഷകൾ കുറയുകയും ഭൂരിഭാഗം നിർമ്മാണങ്ങളും അനധികൃതമായി തന്നെ നിലകൊള്ളുകയും ചെയ്തു. ഈ കാര്യം മുൻനിർത്തി, സംസ്ഥാനത്ത് അനധികൃത കെട്ടിടങ്ങൾ safety, security എന്നിവയിൽ വിട്ടുവീഴ്ച ചെയ്യാതെ ഭാരിച്ച തുക compounding fee ആയി സ്വീകരിച്ച്, നിബന്ധനകൾക്കു വിധേയമായി ക്രമവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**